"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് നടത്തിയ പരിശോധനയിൽ കൽപ്പറ്റ നഗരസഭയിൽ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയത് - സെക്രട്ടറിക്കെതിരായ അച്ചടക്കനടപടി - അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ.(സാധാ) നം.1214/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/06/2021

---

പരാമർശം:- 1 കൽപ്പറ്റ നഗരസഭയിലെ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്യുന്നത് സംബന്ധിച്ച ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട്.

2 01.05.2020 ലെ കുറ്റാരോപണ മെമ്മോ.

3 കൽപ്പറ്റ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ കെ.ജി.രവീന്ദ്രൻ സമർപ്പിച്ച 04.12.2020 ലെ മറുപടി.

4 നഗരകാര്യ ഡയറക്ടറുടെ 25.02.2.2019, 04.01.2021 എന്നീ തീയതികളിലെ V2-2733/19 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് കൽപ്പറ്റ നഗരസഭയിൽ നടത്തിയ പരിശോധനയിൽ , സെക്രട്ടറിയായ ശ്രീ.കെ.ജി രവീന്ദ്രൻ ഔദ്യോഗിക വാഹനം സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കണ്ടെത്തിയതിനെ തുടർന്ന് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.ജി രവീന്ദ്രനെതിരെ അച്ചടക്കനടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി പരാമർ ശം (2) പ്രകാരം ടിയാന് കുറ്റാരോപണമെമ്മോ നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് പരാമർശം (3) പ്രകാരം മറുപടി ലഭ്യമാക്കുകയും മറുപടി പരിഗണിച്ച് തുക അടയ്ക്കുന്നതിൽ നിന്നും ,അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കുന്നതിനും അപേക്ഷിച്ചിരുന്നു .

KCS (CC&A) റൂൾ 15 പ്രകാരമാണ് ശ്രീ.കെ.ജി.രവീന്ദ്രൻ , സെക്രട്ടറിക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരിക്കുന്നത് എന്നതിനാൽ ടിയാനെതിരായ അച്ചടക്ക നടപടിയിൻമേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി പ്രസ്തുത ചട്ടത്തിലെ 15 (2) എ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഈ സാഹചര്യത്തിൽ കൽപ്പറ്റ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.കെ.ജി.രവീന്ദ്രനെതിരെയുള്ള ആരോപണങ്ങളിൻ മേൽ അച്ചടക്ക നടപടി സംബന്ധിച്ചുള്ള മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട്

സമർപ്പിക്കുന്നതിനായി കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡിഷണൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് .

ശ്രീ .കെ . ജി . രവീന്ദ്രൻ, മുൻ സെക്രട്ടറി, കൽപ്പറ്റ നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ